**അവകാശലംഘന പ്രശ്നങ്ങൾ**

I. അനുമതി നിഷേധിച്ച അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ: ഐ.പി.എസ്. ഓഫീസർമാരുടെ വീടുകളിൽ ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാർ ജോലി നോക്കുന്ന വിവരം ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് വ്യക്തമായി അറിയാമെന്നിരിക്കെ 21-03-2018-ലെ നക്ഷത്രചിഹ്നമിടാത്ത 4403-ാം നമ്പർ ചോദ്യത്തിന് " ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ ജോലിക്ക് നിയോഗിക്കാറില്ല" എന്ന് ഉത്തരം നൽകിയത് മനഃപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടു കൂടിയാണെന്ന് ആരോപിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം വി. ഡി. സതീശൻ ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ ഔദ്യോഗികമായി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമസഭാ ചോദ്യങ്ങൾക്കുമറുപടി നൽകുന്നതെന്നും അനധികൃതമായോ ക്രമവിരുദ്ധമായോ എന്തെങ്കിലും നടന്നാൽ

പരാതിയുടെയോ മാദ്ധ്യമ വാർത്തയുടെയോ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാറുണ്ടെന്നും മനഃപൂർവ്വമായോ സഭയെ തെറ്റിദ്ധരിപ്പിക്കണം എന്ന ഉദ്ദേശ്യത്തോടെയോ അല്ല 4403-ാം നമ്പർ ചോദ്യത്തിന് മറുപടി നൽകിയതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനം ഉണ്ടായിട്ടില്ലെന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം ചെയർ വിശദമായി പരിശോധിച്ചതിൽ ആയത് വസ്തുതാപരമായി ശരിയാണെന്ന് കാണുന്നതാകയാൽ ബഹുമാനപ്പെട്ട അംഗം വി. ഡി. സതീശന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

2) പത്തനാപുരത്ത് യുവാവിനെ മർദ്ദിച്ച സംഭവം സംബന്ധിച്ച് 19-06-2018-ന് താൻ ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കുവേണ്ടി ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ നടത്തിയ പ്രസ്താവനയിൽ സംസ്ഥാന പോലീസ് മേധാവിയുടെ 30-5-2018-ലെ ഉത്തരവിൻ പ്രകാരം നേരത്തെ

സ്ഥലം മാറ്റിയ സർക്കിൾ ഇൻസ്പെക്ടറെ, പ്രസ്തുത സംഭവത്തിന്റെ പേരിലാണ് സ്ഥലം മാറ്റിയതെന്ന് പ്രസ്താവിച്ചത് സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും അതുവഴി സഭയുടെയും അംഗങ്ങളുടെയും അവകാശങ്ങൾ ലംഘിച്ചുവെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. അനിൽ അക്കര നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ, 13-06-2018-ന് നടന്ന സംഭവത്തിന്റെ ഭാഗമായി സി.ഐ.-യെ സ്ഥലം മാറ്റി എന്ന് താൻ സഭയിൽ പ്രസ്താവന നടത്തിയിട്ടില്ലെന്നും അതിനാൽത്തന്നെ സഭയെ തെറ്റിദ്ധരിപ്പിക്കുകയോ പ്രത്യേക അവകാശങ്ങൾ ലഭിക്കുകയോ ചെയ്യുന്ന പ്രശ്നം ഉദിക്കുന്നില്ലെന്നും അഞ്ചൽ സി.ഐ.-യുടെ സ്ഥലം മാറ്റം സംബന്ധിച്ച ഉത്തരവ് 30-05-2018-ൽ ഇറങ്ങിയെങ്കിലും സബ്മിഷൻ സഭയിൽ ഉന്നയിക്കപ്പെട്ട ശേഷം 19-06-2018-ലാണ് അദ്ദേഹം വിടുതൽ ചെയ്യുന്നതും പുതിയ സി.ഐ.

ചാർജ്ജെടുത്തതെന്നും ഇക്കാര്യത്തിൽ സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന് ബോധപൂർവ്വമായ ഉദ്ദേശ്യത്തോടുകൂടി പ്രസ്താവനയൊന്നും താൻ നടത്തിയിട്ടില്ലെന്നും പറഞ്ഞിരിക്കുന്നു.

പ്രസ്തുത വിശദീകരണം വസ്തുതാപരമായി നിലനിൽക്കുന്നതാണെന്ന് ചെയറിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. അനിൽ അക്കരയ്ക്ക് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

II. <u>ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ</u>

1) "സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം ഉളവായിരിക്കുന്ന സ്ഥിതിവിശേഷവും സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി സ്വീകരിക്കേണ്ട നടപടികളും സഭ ചർച്ച ചെയ്യണമെന്ന" ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേൽ 30-08-2018-ന് നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുവാൻ മനഃപൂർവ്വം ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു

നോട്ടീസ് നൽകിയിരുന്നു.

2) സംസ്ഥാനത്തെ മൂന്ന് ബ്രൂവറികൾക്കും ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഒരു കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റിനും അനുമതി നൽകിയതിനെതിരെ പ്രതിപക്ഷ നേതാവ് പത്ര സമ്മേളനത്തിൽ ഉന്നയിച്ച വിഷയങ്ങളുടെ പേരിൽ എക്സൈസ് വകുപ്പ് പത്രക്കുറിപ്പ് ഇറക്കിയ നടപടി അദ്ദേഹത്തെ സമൂഹമദ്ധ്യത്തിൽ അവഹേളിക്കുന്നതിനുള്ള ശ്രമമാണെന്നും പ്രതിപക്ഷ നേതാവിന്റെ പ്രത്യേക അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്നും ആരോപിച്ചുകൊണ്ട് എക്സൈസ് വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ആശാ തോമസിനെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് ഒരു നോട്ടീസ് നൽകിയിരുന്നു.

3) 08-12-2018-ൽ കെ.എസ്.യു. പ്രവർത്തകർ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് സംബന്ധിച്ച് 10-12-2018-ലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സബ്മിഷനുള്ള നോട്ടീസിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രേഖാമൂലം നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതും യഥാർത്ഥ വിവരം സഭയിൽ നിന്നും

മറച്ചുവയ്ക്കണമെന്ന ദുരുദ്ദേശ്യത്തോടും കൂടിയാണെന്നും ആയത് സഭയുടെയും അംഗങ്ങളുടെയും പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡൻ ഒരു നോട്ടീസ് നൽകിയിരുന്നു.

4) 06-12-2018-ലെ ചോദ്യോത്തര വേളയിൽ, ശബരിമലയിലെ അന്നദാനം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച ഉപചോദ്യത്തിന് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ 20-11-2018-ൽ പുറത്തിറക്കിയ ഉത്തരവിന് വിരുദ്ധമാണെന്നും പ്രസ്തുത ഉത്തരവ് മറച്ചുവച്ചുകൊണ്ട് സഭയെ മനഃപൂർവ്വമായി തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളതെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീർ ഒരു നോട്ടീസ് നൽകിയിരുന്നു.

5) 06-12-2018-ൽ നിയമസഭയിൽ മറുപടി നൽകവേ ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ഹിന്ദു ഐക്യവേദി സംസ്ഥാന അദ്ധ്യക്ഷ ശ്രീമതി കെ. പി. ശശികല ടീച്ചർ നടത്തിയ പ്രസംഗം സംബന്ധിച്ച് തെറ്റായ പ്രസ്താവന നടത്തിയെന്നും ആയത് സഭയുടെ അവകാശ ലംഘനമാണെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ഒ. രാജഗോപാൽ ഒരു നോട്ടീസ് നൽകിയിരുന്നു. മേൽപ്പറഞ്ഞ 5 നോട്ടീസുകളും ചെയറിന്റെ പരിഗണനയിലാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമ്മേളനം അവസാനിപ്പിക്കാനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.